Lalith Babu

**ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കുന്നത് സംബന്ധിച്ച് വിവരാവകാശ കമ്മീഷൻ പുറപ്പെടുവിച്ച സർക്കുലർ**


**സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം**

**പുന്നൻ റോഡ്, തിരുവനന്തപുരം 695 001**

Tel: 0471- 2561613, 2561614, 2561615. Fax: 0471-2330920

Email:- sic@kerala.nic.in


No. 2734/G8-Admn /SIC/2017 Date: 06.03.2017

## സർക്കുലർ

വിഷയം : - സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരള വിവരാവകാശ നിയമം 2005 - പിഴ ഈടാക്കുന്നത് സംബന്ധിച്ച - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

2005 - ലെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം പിഴ ഈടാക്കുന്നത് സംബന്ധിച്ച ഉത്തരവ് താഴെ താഴെപ്പറയുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

(1) <u>സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പിഴ ഈടാക്കുന്നത് സംബന്ധിച്ച്</u>

ഉത്തരവ് കിട്ടി 30 ദിവസത്തിനകം എതിർകക്ഷി ....... രൂപ "0070-60-118-99 Receipts under the Right to Information Act, 2005", എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി തുക എതിർകക്ഷിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് മേൽപ്പറഞ്ഞ ശീർഷകത്തിൽ സമയബന്ധിതമായി അടയ്ക്കുന്ന കാര്യം ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്.

(2) <u>വിരമിച്ച ഉദ്യോഗസ്ഥരുടെ കാര്യത്തിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്</u>

ഉത്തരവ് കിട്ടി 30 ദിവസത്തിനകം എതിർകക്ഷി ....... രൂപ "0070-60-118-99 Receipts under the Right to Information Act, 2005", എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം കമ്മീഷൻ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്.

എൻ. വിജയകുമാർ

കമ്മീഷൻ സെക്രട്ടറി